ജോയിന്റ് ലേബർ കമ്മീഷണർ, എറണാകുളം എന്നീ തലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർന്ന് തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11-5-2003-ൽ ചർച്ചകൾ നടത്തുകയുണ്ടായി. അനുരഞ്ജന ചർച്ചകൾ തുടർന്നും നടത്തുന്നതാണ്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സാമ്പത്തിക പ്രതിസന്ധി മൂലമാണ് സ്ഥാപനം പ്രവർത്തനരഹിതമായത്.

(ഡി) 475 സ്ഥിരം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(ഇ) ഇലക്ട്രിസിറ്റി പ്രശ്നം മാനേജ്മെന്റ് ഉന്നയിച്ചിട്ടില്ല.

തഴക്കര പഞ്ചായത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വിപുലപ്പെടുത്തുന്നതിന് നടപടി

37 [3442] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെട്ട തഴക്കര പഞ്ചായത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കൂടുതൽ വ്യവസായ സംരംഭകരെ ഉൾപ്പെടുത്തി വിപുലപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ പശ്ചാത്തലസൗകര്യങ്ങൾ എല്ലാം ഉപയോഗപ്പെടുത്തിയാൽ കൂടുതൽ തൊഴിലവസരങ്ങൾ നൽകാൻ കഴിയുമോ; എങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചു വരുന്നു. ഷെഡ്ഡിനും സ്ഥലത്തിനും അപേക്ഷ ലഭിച്ച മുറയ്ക്ക് വ്യവസായ സംരംഭകർക്ക് അലോട്ട്മെന്റ് നൽകിക്കൊണ്ടിരിക്കുന്നു.

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ മിച്ചമുള്ള സ്ഥലത്തുകൂടി വ്യവസായം ആരംഭിക്കാൻ സംരംഭകർ മുന്നോട്ടു വന്നാൽ അവർക്ക് ആവശ്യാനുസരണം സ്ഥലം നൽകി കൂടുതൽ തൊഴിലവസരങ്ങൾ നൽകാൻ സാധിക്കും.

കരിങ്കൽ ചല്ലി ഉൽപ്പാദിപ്പിക്കുന്ന ക്രഷർ വ്യവസായ യൂണിറ്റുകൾ

38 [3443] ശ്രീ. യു. സി. രാമൻ:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ ടി. പി. എം. സാഹിർ
„ പി. കെ. കെ. ബാവ:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കരിങ്കൽ ചല്ലി ഉത്പ്പാദിപ്പിക്കുന്ന എത്ര ക്രഷർ വ്യവസായ യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഒരു ക്രഷർ യൂണിറ്റിൽ എത്ര തൊഴിലാളികളാണ് പണിയെടുക്കുന്നത്;

(സി) ക്രഷർ യൂണിറ്റുകൾക്ക് വിൽപ്പന നികുതി എത്ര ശതമാനം ആണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ശതമാനം വിൽപ്പനനികുതി വർദ്ധനവുവരുത്തി;

(ഇ) ഇതുമൂലം ക്രഷർ വ്യവസായികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതു പരിഹരിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി ഇതുവരെയായി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കരിങ്കൽ ചല്ലി ഉത്പ്പാദിപ്പിക്കുന്ന ക്രഷറുകൾ പ്രവർത്തിപ്പിക്കുന്നതിന് തൊഴിൽ വകുപ്പിൽ നിന്നും താഴെപ്പറയുന്ന പ്രകാരം നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

തിരുവനന്തപുരം	..	72
കൊല്ലം	..	61
ആലപ്പുഴ	..	4
പത്തനംതിട്ട	..	41
കോട്ടയം	..	61
എറണാകുളം	..	246
ഇടുക്കി	..	22
തൃശ്ശൂർ	..	50
മലപ്പുറം	..	107
പാലക്കാട്	..	11
വയനാട്	..	15
കോഴിക്കോട്	..	75
കണ്ണൂർ	..	130
കാസർഗോഡ്	..	41

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു ക്രഷർ യൂണിറ്റിൽ ശരാശരി പത്തിൽ താഴെ തൊഴിലാളികളാണ് പണിയെടുക്കുന്നത്.

(സി—ജി) വിവരം ശേഖരിച്ചു വരുന്നു.

കോഴിക്കോട്ടെ സ്റ്റീൽ കോംപ്ലക്സ് തുറക്കുന്നതിന് നടപടി

39 [3444] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വ്യാവസായിക പുരോഗതിക്ക് വരുന്ന അഞ്ച് കൊല്ല ത്തേക്ക് എത്ര ടൺ ഇരുമ്പ് (ഉരുക്ക്) വേണ്ടിവരും എന്നതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) കേരളത്തിൽ നിലവിൽ എത്ര സ്റ്റീൽ മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്; സ്വകാര്യ മേഖലയിൽ എത്ര; സർക്കാർ മേഖലയിൽ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) പൊതുമേഖലയിലുള്ള കോഴിക്കോട്ടെ സ്റ്റീൽ കോംപ്ലക്സ് തുറക്കുന്ന തിനു വേണ്ടിയുള്ള നടപടികൾ സ്തംഭിച്ചിരിക്കുകയാണെന്ന് വിവരം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ഡി) സ്റ്റീൽ കോംപ്ലക്സിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഫർണസുകൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സ്റ്റീൽ കോംപ്ലക്സിനോടനുബന്ധിച്ച് "റീ റോളിംഗ് മിൽ" സ്ഥാപിക്കാൻ അടിയന്തിരനടപടികൾ കൈക്കൊള്ളുമോ;

(എഫ്) സ്റ്റീൽ കോംപ്ലക്സിന് സർക്കാർ ഏജൻസികളിൽ നിന്ന് ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അത് ഈടാക്കാൻ സ്റ്റീൽ കോംപ്ലക്സിനെ ഗവൺമെന്റ് സഹായിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പൊതുമേഖലയിൽ സ്റ്റീൽ കോംപ്ലക്സ് പ്രവർത്തിച്ചു വരുന്നു. സ്വകാര്യ മേഖലയെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കോഴിക്കോട്ടെ സ്റ്റീൽ കോംപ്ലക്സ് 1996 മുതൽ തുടർച്ചയായി പ്രവർത്തിച്ചു വരികയാണ്.

(ഡി) സ്വന്തം നിലയ്ക്ക് ലഭ്യമാക്കുന്ന സ്ക്രാപ്പിനനുസരിച്ച് കമ്പനിയിലെ ഫർണ സുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്. കൂടുതൽ സ്ക്രാപ്പ് ഇറക്കുമതി ചെയ്യുന്നതിനനുസരിച്ച് ഫർണസുകൾ പൂർണ്ണമായി പ്രവർത്തിപ്പിക്കുവാൻ ശ്രമിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly